# Embroidered golden garment

## (ചിത്രത്തയ്യലുള്ള കസവുവസ്ത്രം- സങ്കീ- 45:11,14)



പ്രസിദ്ധസുവിശേഷകനായിരുന്ന എഫ്.ബി.മേയർ അദ്ദേഹം അഗ്നിശോധന നേരിടുന്ന ഒരു ഇരുമ്പു ദണ്ഡിന്റെമുല്യവർദ്ധനവ് വിശദീകരിച്ചിട്ടുള്ളത് വളരെ ശ്രദ്ധേയമാണ്, രണ്ടരഡോളർ വിലയുള്ള ഒരു ഇരുമ്പു കഷണം ഇരുമ്പുപണിക്കാരൻ ഉലയിലിട്ട് അടിച്ചുപരത്തി കുതിരയുടെലാടമാക്കിയാൽ അഞ്ച്ഡോളർ വില കിട്ടും. അതേ ഇരുമ്പുകഷണം മറ്റൊരു പ്രക്രീയയിലൂടെ ആണികളാക്കിയാൽ 175 ഡോളർ വിലകിട്ടും. വാച്ചിനുള്ളിൽ ഉപയോഗിക്കുന്ന ചെറിയ സ്പ്രിംഗായി രുപാന്തരപ്പെടുത്തിയാൽ ലഭിക്കുന്ന വില ഒരുലക്ഷത്തിഇരുപത്തായ്യായിരമാണ്. ചുട്ടുപഴുത്ത ചൂളയുടെ ചൂടും പണിക്കാരന്റെ വിവിധതരത്തിലുള്ള പണികളും മൂലം സാധാരണം എന്ന് കരുതിയ ഇരുമ്പിന് മാറ്റ് വർദ്ധിച്ചു.ഇരുമ്പ് കഠിനവേദനയും യാതനയും അനുഭവിച്ചപ്പോഴാണ് മാറ്റുവർദ്ധിച്ചതും വിലയുള്ളതായിത്തീന്നതും.

ഇതുപോലെ ദൈവംതാൻ സ്നേഹിക്കുന്ന മക്കളെ കഠിനശോധനയിലുടെ കടത്തിവിട്ട് രുപാന്തര പ്രക്രീയകളിലൂടെ ഏറ്റവും ശോഭയും വിലയുമുള്ളതാക്കുന്നു. പ്രതികൂലത്തിൽക്കുടികടന്നു പോകുന്ന ദൈവപൈതലിനു വേണ്ടതു അചഞ്ചലമായ വിശ്വാസമാണ്. പൊന്ന് ഊതിക്കഴിച്ച് തീയിൽ ഇട്ട് ശുദ്ധിചെയ്ത് പുതിയപുതിയ ആഭരണങ്ങൾ ഉണ്ടാക്കുന്നു. എന്നെശോധനകഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തുവരുമെന്ന് ഇയ്യോബ് പറയുന്നു. ഇയ്യോ:(23:10) പൊന്ന് എന്നത് വിശുദ്ധിയേയും വിശ്വാസത്തേയും കുറിയ്ക്കുന്നു. പരീക്ഷകൾ ഒന്നിനുപുറകേ ഒന്നായി തകർത്തപ്പോഴും, കൈത്താങ്ങാകേണ്ട ഭാര്യ വെറുത്ത് തള്ളിപ്പറഞ്ഞപ്പോഴും, തന്നോടൊപ്പം

ഇരുന്ന് ദുഃഖം പങ്കുവയ്ക്കുവാൻ വന്ന സുഹൃത്തുക്കൾ പഴിച്ചപ്പോഴും ഇയ്യോബിനെ യഹോവ കൈവിട്ടില്ല .പരീക്ഷകൾ ഏറിവരുമ്പോൾ വിശ്വാസത്തിലും വിശുദ്ധിയിലും ഉറെച്ചു നിൽക്കുമ്പോൾ അത് പൊൻകസവായിമാറുന്നു. ഇയ്യോബ് പൊന്നുപോലെ പുറത്തുവരുമ്പോൾ ദൈവം പറഞ്ഞസാക്ഷ്യവചനമാണ് job 42: 8 last.

അനുദിനം ക്രിസ്തുവിന്റെ സാദൃശ്യത്തിൽ നാം വളരുന്തോറും നമ്മിൽ തേജസ്സ് വദ്ധിക്കുകയും കഷ്ടതകൾ സാരമില്ല എന്ന ധൈര്യം നിത്യതയുടെ ശക്തി നമുക്ക് തരുന്നു. അപ്പോൾ നമ്മുടെ കഷ്ടതകൾ പൊൻകസവുകളായി മാറുന്നു. കസവുവസ്ത്രങ്ങൾ ചിത്രത്തയ്യലുള്ളതാകുമ്പോൾ അതിന്റെ മാറ്റ് വദ്ധിക്കുന്നു. മനോഹരചിത്രങ്ങൾ കഷ്ടപ്പെട്ടാണ് വസ്ത്രങ്ങളിൽ തുന്നിപിടിപ്പിക്കുന്നത് ചിത്രത്തയ്യൽ പരിപൂണ്ണതയുള്ളതാകണമെങ്കിൽ കഷ്ടപ്പാടുകൾ ഹൃദയത്തെ തകർക്കുമ്പോഴും ധൈര്യത്തോടെ അത് സഹിച്ചേ മതിയാകുകയുള്ളൂ. അപ്പോൾ മാത്രമേ നമ്മുടെ ചിത്രത്തയ്യലുള്ള വസ്ത്രം ഭംഗിയായി പൂർത്തീകരിച്ച് ലഭിക്കുകയുള്ളൂ. യേശുവാണ് നമ്മുടെ ഉത്തമമാതൃക. അവൻ തന്നെയാണ് ചിത്രത്തയ്യലുള്ള പൊൻകസവുവസ്ത്രം നമുക്ക് തരുന്നത്. ഇയ്യോബിന്റെ വസ്ത്രം ചിത്രത്തയ്യലുള്ള കസവുവസ്ത്രമാക്കി നൽകിയത് യഹോവയത്രെ job 42:10,12

നമ്മെ വാക്കുകളാലും പ്രവർത്തികളാലും വേദനിപ്പിക്കുന്നവർക്കു വേണ്ടി സ്തേഫാനോസിനെപ്പോലെ പ്രാർത്ഥിപ്പാൻ ശ്രമിക്കുക. പ്രാർത്ഥന നമ്മെ ശക്തിപ്പെടുത്തുന്നു. അപ്പോൾ പരിപൂർണ്ണതയുള്ള ചിത്രത്തയ്യലുള്ള കസവുവസ്ത്രം നമുക്ക് ലഭ്യമാകുന്നു. പ്രീയ കുഞ്ഞുങ്ങളേ! ഇനി മുതൽ പ്രതികൂലത്തെ നോക്കി നിരാശയുടെ വാക്കുകൾ പറയാതെ ശക്തനായവൻ തരുന്ന മനോഹര വസ്ത്രത്തെ നോക്കി ധൈര്യത്തോടെ മുൻപോട്ടു പോകുക. ദൈവം കൂടെയുണ്ട്.

യഹോവ നിങ്ങളെ ശക്തരാക്കട്ടെ.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in

twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg